published on 10.2.2016

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 392

# 2016-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 392

# 2016-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

176/2016.

# 2016-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പും 4 മുതൽ 8 വരെ വകുപ്പുകളും 2015 ഒക്ടോബർ 3-ാം തീയതിയും 3-ാം വകുപ്പ് 2016 ജനുവരി 9-ാം തീയതിയും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ (viഎ) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(viഎ) 'കമ്മിറ്റി അല്ലെങ്കിൽ സമിതി' എന്നാൽ ഈ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയോ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനുവേണ്ടി പഞ്ചായത്ത് രൂപീകരിച്ച മറ്റേതെങ്കിലും കമ്മിറ്റിയോ സമിതിയോ എന്നർത്ഥമാകുന്നു;".

3. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പ് (6)-ാം ഉപവകുപ്പിൽ, "ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്." എന്ന വാക്കുകൾക്കുശേഷം താഴെ പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"കൂടാതെ ശുചിത്വം, പരിസ്ഥിതി സംരക്ഷണം, പോഷകാഹാരം, പൊതുജനാരോഗ്യം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, വൃദ്ധജന സംരക്ഷണം, ഭിന്നശേഷിയുള്ളവരുടെ പരിപാലനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഓരോ ഗ്രാമസഭയും

ചേരുന്നതിന് തൊട്ടുമുൻപായി മേൽ സൂചിപ്പിച്ച വിഭാഗങ്ങളുടെ പ്രത്യേക യോഗങ്ങൾ നിർണ്ണയിക്കപ്പെടാവുന്നപ്രകാരം വിളിച്ചു ചേർക്കേണ്ടതും പ്രസ്തുത യോഗത്തിലെ ശിപാർശകൾ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ്.".

4. 35-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (ആർ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എസ്) ഒരു നിയോജകമണ്ഡലത്തിൽ വാർഡുതല ജാഗ്രതാ സമിതി രൂപീകരിച്ച തീയതി മുതൽ, താൻ കൺവീനറായിരിക്കുന്ന പ്രസ്തുത വാർഡുതല ജാഗ്രതാ സമിതി യുടെ പ്രതിമാസയോഗം നിർണ്ണയിക്കപ്പെട്ട രീതിയിൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി മൂന്ന് തവണ വീഴ്ച വരുത്തുകയോ;".

5. 163-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 163-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "വിദ്യാഭ്യാസം" എന്ന വാക്കിനുശേഷം "സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

6. 164-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 164-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"164എ ജാഗ്രതാ സമിതികളുടെ രൂപീകരണം.—(1) ഓരോ ഗ്രാമപഞ്ചായത്തും, ആ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാ കാവുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഓരോ ഗ്രാമപഞ്ചായത്തു തലത്തിലും നിയോജകമണ്ഡലതലത്തിലും പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികൾ, 2015-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്ന് തൊണ്ണൂറു ദിവസത്തിനകം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, രൂപീകരിക്കേണ്ടതാണ്.

(2) ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന സമിതി ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയെന്നും നിയോജകമണ്ഡലതലത്തിൽ രൂപീകരിക്കുന്ന സമിതി വാർഡുതല ജാഗ്രതാ സമിതിയെന്നും അറിയപ്പെടുന്നതാണ്.

(3) ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെ അദ്ധ്യക്ഷൻ പഞ്ചായത്ത് പ്രസിഡന്റായിരിക്കുന്നതും യോഗങ്ങൾ വിളിച്ചു കൂട്ടുക, യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുക എന്നിവ അദ്ദേഹത്തിന്റെ ചുമതലയായിരിക്കുന്നതുമാണ്.

(4) വാർഡുതല ജാഗ്രതാ സമിതിയുടെ കൺവീനർ ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഗ്രാമപഞ്ചായത്തിലെ അംഗം ആയിരിക്കുന്നതും യോഗങ്ങൾ വിളിച്ചു കൂട്ടുക, യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുക എന്നിവ പ്രസ്തുത അംഗത്തിന്റെ ചുമതലയായിരിക്കുന്നതുമാണ്.

(5) വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള മുപ്പതു ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണ്.".

7. 254-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 254-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ (x)-ാം ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xഎ) ഗ്രാമപഞ്ചായത്തിന്റെ ഗ്രാമപഞ്ചായത്തുതലത്തിലും നിയോജകമണ്ഡല തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതും അവയുടെ ഘടനയും ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിക്കുന്നതു സംബന്ധിച്ചും;".

8. പട്ടികയ്ക്കുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ മൂന്നാം പട്ടികയിൽ, "ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ" എന്ന ശീർഷകത്തിൻ കീഴിൽ, "സി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ" എന്ന ഉപശീർഷകത്തിൻ കീഴിൽ XIII-ാം ഇനത്തിൽ 6-ാം ഉപഇനമായി താഴെ പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:—

"6. ഗ്രാമപഞ്ചായത്തുതലത്തിലും നിയോജകമണ്ഡലതലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക;".

9. റദ്ദാക്കലും ഒഴിവാക്കലും.—(1) 2016-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2016-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ എടുത്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകാവുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഓരോ ഗ്രാമപഞ്ചായത്തുതലത്തിലും നിയോജകമണ്ഡലതലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിലേക്കും പ്രസ്തുത ആവശ്യത്തിലേക്കായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 2, 35, 163, 164, 254 എന്നീ വകുപ്പുകളും മൂന്നാം പട്ടികയും ഉചിതമായി ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2015-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2015-ലെ 18) 2015 ഒക്ടോബർ 3-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2015 ഒക്ടോബർ 3-ാം തീയതിയിലെ 2236-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

കൂടാതെ, ആക്റ്റിന്റെ (1994-ലെ 13) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമസഭ, കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്ന്

വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് (6)-ാം ഉപവകുപ്പിലെ നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ ശുചിത്വം, പരിസ്ഥിതി സംരക്ഷണം, പോഷകാഹാരം, പൊതുജനാരോഗ്യം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, വൃദ്ധജന സംരക്ഷണം, ഭിന്നശേഷിയുള്ളവരുടെ പരിപാലനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഓരോ ഗ്രാമസഭയും ചേരുന്നതിന് തൊട്ടുമുൻപായി മേൽ സൂചിപ്പിച്ച വിഭാഗങ്ങളുടെ പ്രത്യേക യോഗങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വിളിച്ചു ചേർക്കുവാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13) 3-ാം വകുപ്പ് (6)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 3-ാം വകുപ്പ് (6)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്നതിനായി 2015-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 366-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയുണ്ടായി.

2015-ലെ 18-ാം നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് പകരമായും, 2015-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിലെ (ബിൽ നമ്പർ 366) വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടും 2016-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 381-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയുമുണ്ടായി.

2015 നവംബർ 30-ന് ആരംഭിച്ച് 2015 ഡിസംബർ 17-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടിയും 366-ാം നമ്പർ ബില്ലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടും, 2016-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2016-ലെ 3) 2016 ജനുവരി 9-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2016 ജനുവരി 9-ാം തീയതിയിലെ 55-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2016-ലെ 3-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന, 3-ാം വകുപ്പ് (6)-ാം ഉപവകുപ്പ് ശുചിത്വം, പരിസ്ഥിതി സംരക്ഷണം, പോഷകാഹാരം, പൊതുജനാരോഗ്യം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, വൃദ്ധജനസംരക്ഷണം, ഭിന്നശേഷിയുള്ളവരുടെ പരിപാലനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഓരോ ഗ്രാമസഭയും

ചേരുന്നതിന് തൊട്ടുമുൻപായി പ്രത്യേക യോഗങ്ങൾ വിളിച്ചു ചേർക്കുന്നത് എപ്രകാരമായിരിക്കണമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡപ്രകാരം, ആക്റ്റിൽ ചേർക്കുവാനുദ്ദേശിക്കുന്ന, 35-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, വാർഡുതല ജാഗ്രതാ സമിതിയുടെ യോഗം വിളിച്ചുചേർക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 6-ാം ഖണ്ഡപ്രകാരം, ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 164എ വകുപ്പ്, ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എം. കെ. മുനീർ

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) 'അനുച്ഛേദം' എന്നാൽ ഇൻഡ്യൻ ഭരണഘടനയുടെ ഒരു അനുച്ഛേദം എന്നർത്ഥമാകുന്നു.

** ** ** **

(viഎ) 'കമ്മിറ്റി' എന്നാൽ ഈ ആക്റ്റ് പ്രകാരം രൂപീകൃതമായിട്ടുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയോ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനുവേണ്ടി പഞ്ചായത്ത് രൂപീകരിച്ച മറ്റേതെങ്കിലും കമ്മിറ്റിയോ എന്നർത്ഥമാകുന്നു;

** ** ** **

3. ഗ്രാമസഭ.—(1) ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തിന്റെ ഓരോ നിയോജകമണ്ഡലവും 243-ാം അനുച്ഛേദം (ജി) ഖണ്ഡത്തിൻ കീഴിൽ ഒരു ഗ്രാമമായി വിനിർദ്ദേശിക്കാവുന്നതാണ്.

** ** ** **

(6) ആ നിയോജകമണ്ഡലത്തെ സംബന്ധിച്ച മുൻവർഷത്തെ വികസനപരിപാടികളെയും നടപ്പുവർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസനപരിപാടികളെയും അതിനുവേണ്ടിവരുന്ന ചെലവിനേയും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണനിർവ്വഹണത്തിന്റെ ഒരു റിപ്പോർട്ടും ഒരു വർഷത്തിലെ ആദ്യയോഗത്തിൽ ഗ്രാമസഭ മുൻപാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്.

ഗ്രാമസഭയുടെ ഏതെങ്കിലും തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ, അദ്ധ്യക്ഷൻ അതിനുള്ള കാരണം ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

** ** ** **

35 (1). അംഗങ്ങളുടെ അയോഗ്യതകൾ.—(1) 36-ാം വകുപ്പിലെയോ അല്ലെങ്കിൽ 102-ാം വകുപ്പിലെയോ വ്യവസ്ഥകൾക്ക് വിധേയമായി, ഒരാൾ,—

** ** ** **

(ആർ) 153-ാം വകുപ്പ് (13എ) ഉപവകുപ്പുപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാനമേറ്റെടുക്കുന്നതിൽ വീഴ്ച വരുത്തുകയോ;

ആണെങ്കിൽ അയാൾ ഒരംഗമായി ഉദ്യോഗത്തിൽ തുടരാൻ പാടില്ലാത്തതാണ്.

** ** ** **

35എ. അംഗത്വം ഇല്ലാതാക്കൽ.—(1) ഒരു പഞ്ചായത്തംഗം ഒരേ സമയം പാർലമെന്റിലെയോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയിലെയോ ഒരംഗമായിരിക്കാൻ പാടില്ലാത്തതതും അതനുസരിച്ച്,—

(എ) പഞ്ചായത്തംഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുൻപ് അദ്ദേഹം പാർലമെന്റിലെയോ സംസ്ഥാന നിയമസഭയിലെയോ ഒരംഗമാണെങ്കിൽ അങ്ങനെയുള്ള അംഗത്വം രാജിവച്ചിട്ടില്ലാത്തപക്ഷം, അല്ലെങ്കിൽ

** ** ** **

163. പ്രവർത്തന കമ്മിറ്റികളുടെ രൂപീകരണം.—(1) ഓരോ പഞ്ചായത്തും ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി കൃഷി, ശുചീകരണം, വാർത്താവിനിമയം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വിഷയങ്ങൾക്ക്, പഞ്ചായത്ത് അംഗങ്ങളും, പൊതുജനക്ഷേമത്തിൽ താല്പര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്തവരുമായ മറ്റാളുകളുമടങ്ങിയ പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്:

** ** ** **

164. സബ്കമ്മിറ്റികളും വാർഡ് കമ്മിറ്റികളും.—(1) ഓരോ പഞ്ചായത്തിനും സ്റ്റാന്റിംഗ് കമ്മിറ്റിയെയോ പ്രവർത്തന കമ്മിറ്റികളെയോ ഏതെങ്കിലും പണിയോ പദ്ധതിയോ പ്രോജക്റ്റോ പ്ലാനോ നടപ്പിലാക്കുന്നതിൽ സഹായിക്കുന്നതിലേക്കായി പഞ്ചായത്തിലെ അംഗങ്ങളും പൊതുജനക്ഷേമത്തിൽ താല്പര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്നവരുമായ മറ്റാളുകളുമടങ്ങിയ സബ്കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്:

** ** ** **

254. ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനുള്ള അധികാരം.—(1) സർക്കാരിന് ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി, ഗസറ്റ് വിജ്ഞാപനം മുഖേന, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാലപ്രാബല്യത്തോടു കൂടിയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകമായും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഹാനി കൂടാതെയും, സർക്കാരിന്,—

** ** ** **

(x) പഞ്ചായത്തുകളുടെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനകമ്മിറ്റികളുടെയും ഘടനയും, അവയിൽ പുറമേ നിന്നുള്ളവരെ ഉൾപ്പെടുത്തുന്നതും, ആ കമ്മിറ്റികൾക്ക് ജോലികൾ ഏൽപ്പിച്ചുകൊടുക്കുന്നതും സംബന്ധിച്ചും;

** ** ** **

(xi) പണികളുടെ പ്ലാനുകളും അടങ്കലുകളും തയ്യാറാക്കുന്നതിനേയും, അടങ്കലുകൾക്ക് സാങ്കേതികമോ ഭരണപരമോ ആയ അനുവാദം നൽകുന്നതിന് പഞ്ചായത്തുകൾക്കും, കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉദ്യോഗസ്ഥൻമാർക്കുമുള്ള അധികാരത്തെയും സംബന്ധിച്ചും;

** ** ** **

## മൂന്നാം പട്ടിക

[166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കാണുക]

## ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ

എ. അനിവാര്യ ചുമതലകൾ

** ** ** **

സി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

** ** ** **

(xiii) സാമൂഹ്യക്ഷേമം

5. ദരിദ്രവിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

** ** ** **